ശ്രീ. ആർ. സുഗതൻ: സ്റ്റേറുകാർ മുട്ടി അപകടമുണ്ടായാൽ കോമ്പൻസേഷൻ കൊടുക്കുമോ? അങ്ങനെയാണെങ്കിൽ തുശ്ശൂർവച്ച് അപകടം പറ്റിയ ഉന്തുവണ്ടിക്കാരൻ വേലായുധനു് നഷ്ടപരിഹാരം ലഭിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: ഏതുകാർ മുട്ടി അപകടം നേരിട്ടാലും കോമ്പൻസേഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും ഒരുപോലെയാണു്.

ഫാസ്റ്റു പാസഞ്ചർ സർവ്വീസു് തുടങ്ങും.

* 930. [20] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തികവർഷത്തിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഫാസ്റ്റു പാസഞ്ചർ സർവ്വീസു് തുടങ്ങും എതൊക്കെയാണു് ;

(ബി) ഗതാഗത സൗകര്യം വളരെ പരിമിതമായ മലബാർ പ്രദേശത്തു കൂടുതൽ സ്റ്റേറു ബസ്സുകളും ഓടിക്കുവാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കുമോ;

(സി) കോഴിക്കോട്ട–പേരാമ്പ്ര–കുറ്റ്യാടി റൂട്ടിൽ 2 ബസ്സുകളെങ്കിലും തുടങ്ങുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുമോ :

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഇപ്പോളും പറയുവാൻ സാദ്ധ്യമല്ല.

(സി) തൽക്കാലം സാദ്ധ്യമല്ല.

ജല വൈദ്യുത പദ്ധതികളും.

* 931. [21] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിക്കാലത്തു സ്റ്റേറിൽ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള ജല വൈദ്യുത പദ്ധതികളും ഏതെല്ലാം :

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികളുടെ പണികളും ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു് ;

(സി) ഓരോന്നിന്റെയും ഇതുവരെയുള്ള പ്രവർത്തന പുരോഗതി എത്ര മാത്രം ;

(ഡി) ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ആരംഭിക്കേണ്ടതില്ല എന്നു് തീരുമാനിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ ഏതിന്റെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പുതുതായി ആരംഭിച്ച ജല വൈദ്യുതപദ്ധതികളും ഇടുക്കിയും കുറ്റ്യാടിയുമാണു്.

(ബി) രണ്ടിന്റെയും പണികളും ആരംഭിച്ചു കഴിഞ്ഞു.

(സി) പുതിയ അപ്രോച്ചുറോഡു്, പാലം മുതലായവ പണിയുക, ഇപ്പോഴുള്ളവ പുതുക്കുക, തടം നിർപ്പാക്കുക മുതലായ പ്രാരംഭ പ്രവൃത്തികളും നടത്തിവരുന്നു. കോളനിക്കും കാർട്ടേഴ്സിനും ആവശ്യമായ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള ദർഘാസുകളും ക്ഷണിച്ചു കൺട്രാക്ടുകളും കൊടുത്തു വരുന്നു. കൂടാതെ കുറ്റ്യാടി പദ്ധതിയുടെ ഡാമിന്റെ പണിക്കും ടെൻഡർ വിളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഈ) ഡി. യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തു് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ സെക്യൂരിറ്റി സംഖ്യ.

* 932. [20] ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ സെക്യൂരിറ്റി സംഖ്യ എത്രയാണു് ;

(ബി) ഈ സംഖ്യ ചുരുക്കിക്കിട്ടാൻ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഇപ്പോൾ മലബാർ ഭാഗത്തുള്ളവർക്കു് 500 രൂപയും തിരുവിതാംകൂർ-കൊച്ചി ഭാഗത്തുള്ളവർക്കു് 250 രൂപയുമാണു്.

(ബി) ഉണ്ടു്.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : മലബാർഭാഗത്തും 250 രൂപാ ആക്കുന്നതിൽ എന്താണു തടസ്സം?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒരു ഐകരൂപ്യം വരുത്തണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടു്. അതു് രണ്ടു വിധത്തിലും ആകാം. എല്ലാ സ്ഥലത്തും 500 ആക്കാം ; അല്ലെങ്കിൽ 250 ആക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : മലബാർഭാഗത്തു് 500 രൂപാ അടയ്ക്കുന്നവർക്കു് ശമ്പളം കിട്ടാത്ത പരിതസ്ഥിതിയുള്ളപ്പോൾ ഈ ഭാഗത്തു് ശമ്പളം കിട്ടുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ വളരെ വേഗം നടപടി എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വളരെ വേഗം നടപടി എടുക്കാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : കാർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലുമുള്ള കമ്മീഷണന്മാർക്കു് സെക്യൂരിറ്റി ഇല്ലാത്തപ്പോൾ ഇവിടെ സെക്യൂരിറ്റി വച്ചിട്ടുള്ളതിൻെറ ന്യായമെന്താണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ : കുറച്ചു ധനപരമായ ബാദ്ധ്യത ഈ ചെറിയ ഉദ്യോഗസ്ഥന്മാർക്കുള്ളതുകൊണ്ടാണു വച്ചതു്.

ഇലക്ട്രിസിറ്റി. †

* 933. [23] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ഇലക്ട്രിസിറ്റി എക്സ്റ്റൻറു ചെയ്തിരിക്കുന്ന സെൻറഴ്സു് സ്വിച്ചുഓൺ ചെയ്യുന്നതിനു പോസ്റ്റു് ആൻറു് ടെലഗ്രാഫു് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം ലഭിക്കുന്നമെന്ന വ്യവസ്ഥയുണ്ടോ ;

(ബി) എറണാകുളം ഡിസ്ട്രിക്റ്റിലെ ആഴകം, കിടങ്ങൂർ സെൻറഴ്സു് സ്വിച്ചു ഓൺ ചെയ്യുന്നതിനു പോസ്റ്റു് ആൻറു് ടെലഗ്രാഫു് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം ലഭിക്കാത്തതുകൊണ്ടു് ഇതേവരെ നടന്നില്ല എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടികളും ഉടൻ നടത്തുമോ ?

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly